ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 29.05.2025 | പ്രധാന വാർത്തകൾ | TIME : 07.25 PM

1. ഇന്ത്യക്കെതിരെയുള്ള ഏതൊരു ഭീകരാക്രമണത്തിനും കനത്ത വില നൽകേണ്ടിവരുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പട്ന ജയ പ്രകാശ് നാരായൺ അന്താരാഷ്ട്ര വിമാനത്താവളത്തിൻറെ പുതിയ ടെർമിനൽ കെട്ടിടം പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.

   **Prime Minister Narendra Modi says, any terrorist attack on the country will come at a heavy cost for the enemy. PM inaugurates New Terminal at Patna's Jayaprakash Narayan International Airport.**

2. തീവ്രവാദവും ചർച്ചകളും ഒരുമിച്ച് മുന്നോട്ട് പോകില്ലെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ.

   **External Affairs Ministry spokesperson Randhir Jaiswal said terrorism and talks cannot go together.**

3. കേരളത്തിൽ അതിതീവ്ര മഴ തുടരുമെന്ന് കാലാവസ്ഥവകുപ്പ്. നാളെ മൂന്ന് ജില്ലകളിൽ ചുവപ്പ് ജാഗ്രത.

   **Heavy Rain to Continue in Kerala, Red Alert in Three Districts Tomorrow: IMD.**

4. കൊച്ചി തീരത്ത് **MSC ELSA** 3 കപ്പൽ മുങ്ങിയ സംഭവം സംസ്ഥാനം പ്രത്യേക ദുരന്തമായി പ്രഖ്യാപിച്ചു.

**Kerala government declares MSC Elsa-3 shipwreck a state-special disaster.**

5. ഐ.പി.എൽ ക്രിക്കറ്റ് ആദ്യ പ്ലേ ഓഫിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെതിരെ പഞ്ചാബ് കിംഗ്സിന് ബാറ്റിങ്ങ്.

**Punjab Kings to Bat First Against Royal Challengers Bengaluru in IPL's First Playoff.**

6. സിംഗപ്പൂർ ഓപ്പൺ ബാഡ്മിന്റൺ പുരുഷ ഡബിൾസിൽ ഇന്ത്യൻ സഖ്യം ക്വാർട്ടർ ഫൈനലിൽ..

**Indian men's doubles team of Satwiksairaj Rankireddy and Chirag Shetty enter quarterfinals in Singapore Open badminton tournament.**

✡✡✡✡✡✡✡✡✡✡

## EVE. PREZ - LITERARY CONFERENCE

രാഷ്ട്രപതി ഭവൻ സാംസ്കാരിക കേന്ദ്രത്തിൽ നടക്കുന്ന സാഹിത്യ സമ്മേളനം രാഷ്ട്രപതി ദ്രൗപദി മുർമു ഉദ്ഘാടനം ചെയ്യും. കവിസമ്മേളനം, ഇന്ത്യയിലെ സ്ത്രീവാദ സാഹിത്യം, ആഗോള തലത്തിൽ ഇന്ത്യൻ സാഹിത്യത്തിന്റെ പുതിയ ദിശകൾ എന്നിവയുൾപ്പെടെ വിവിധ പരിപാടികൾക്ക് രണ്ടു ദിവസത്തെ സമ്മേളനം വേദിയാകും. കേന്ദ്ര സാഹിത്യ അക്കാദമിയുമായി സഹകരിച്ചാണ് രാഷ്ട്രപതി ഭവൻ സാഹിത്യ സമ്മേളനത്തിന് ആതിഥ്യം വഹിക്കുന്നത്.

******************************

## EVE PM VISIT-BIHAR (INTRO)

ബിഹാറിലെ പട്ന ജയപ്രകാശ് നാരായൺ അന്താരാഷ്ട്ര വിമാനത്താവളത്തിൻറെ പുതിയ ടെർമിനൽ കെട്ടിടം പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. 1,410 കോടി രൂപയിലധികം ചെലവ് വരുന്ന ബിഹ്ത വിമാനത്താവളത്തിൻറെ പുതിയ സിവിൽ എൻക്ലേവിനും പ്രധാനമന്ത്രി തറക്കല്ലിട്ടു. പശ്ചിമ ബംഗാൾ സന്ദർശനം പൂർത്തിയാക്കിയ ശേഷമാണ് പ്രധാനമന്ത്രി ബിഹാറിലെത്തിയത്. രാജ്യത്തിനെതിരെയുള്ള ഏതൊരു ഭീകരാക്രമണത്തിനും എതിരാളികൾ കനത്ത വില നൽകേണ്ടിവരുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ്)

പശ്ചിമ ബംഗാളിൽ 1,017 കോടി രൂപയുടെ നഗര പാചക വാതക വിതരണ പദ്ധതി പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. റോഹ്താസ് ജില്ലയിലെ ബിക്രംഗഞ്ച് അദ്ദേഹം നാളെ സന്ദർശിക്കും.

******************************

## ALL PARTY DELEGATION

തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്ന പാകിസ്ഥാനിന്റെ നയം ലോകത്തിനു മുന്നിൽ തുറന്നു കാട്ടുന്നതിനായി നിയോഗിച്ച സർവകക്ഷി പ്രതിനിധി സംഘങ്ങളുടെ പര്യടനം വിജയകരമായി തുടരുന്നു. കോൺഗ്രസ് എം പി ശശി തരൂർ, ബി ജെ പി എം പിമാരായ രവിശങ്കർ പ്രസാദ്, ബൈജയന്ത് പാണ്ഡ, ജെഡിയു അംഗം സഞ്ജയ് കുമാർ ഝാ, ഡിഎംകെ എം പി കനിമൊഴി കരുണാനിധി, എൻ.സി.പിയിലെ സുപ്രിയ സുലെ, ശിവസേന അംഗം ശ്രീകാന്ത് ഷിൻഡെ തുടങ്ങിയവരാണ് വിവിധ പ്രതിനിധി സംഘങ്ങളെ നയിക്കുന്നത്.

******************************

## MEA BRIEFING (INTRO)

പാകിസ്ഥാനുമായി ഇന്ത്യയുടെത് ഉഭയകക്ഷി ഇടപെടലായിരിക്കുമെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ. ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. തീവ്രവാദവും ചർച്ചകളും ഒരുമിച്ച് പോകില്ലെന്നും  അദ്ദേഹം വ്യക്തമാക്കി. മുൻപ് ഇന്ത്യ ലഭ്യമാക്കിയ പട്ടിക പ്രകാരമുള്ള ഭീകരരെ പാകിസ്ഥാൻ ഇന്ത്യയ്ക്ക് കൈമാറേണ്ടതുണ്ട്. അതിർത്തി കടന്നുള്ള ഭീകരതയ്ക്കുള്ള പിന്തുണ പാകിസ്ഥാൻ അവസാനിപ്പിക്കുന്നതുവരെ സിന്ധു നദീജല ഉടമ്പടി നിർത്തിവെക്കുമെന്നും ശ്രീ ജയ്സ്വാൾ പറഞ്ഞു.

**(ഹോൾഡ് വോയിസ് ....)**

******************************

## REV RAJNATH-CII

ദേശീയ സുരക്ഷയിൽ മെയ്ക്ക്-ഇൻ-ഇന്ത്യ അനിവാര്യ ഘടകമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ സിഐഐ വാർഷിക ബിസിനസ് ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. അതെസമയം, രാജ്യത്തെ ഏകദേശം 62 കോടി ജനങ്ങളെ ഉൾക്കൊള്ളുന്ന ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യ പരിരക്ഷാ പദ്ധതിയാണ് ആയുഷ്മാൻ ഭാരത് എന്ന് കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നഡ്ഡ ഉച്ചകോടിയെ അഭിസംബോധന ചെയ്യവെ പറഞ്ഞു.

******************************

## NEW ZEALAND FM VISIT

ന്യൂസിലന്റ് ഉപപ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയുമായ വിൻസ്റ്റൺ പീറ്റേസ് രണ്ട് ദിവസത്തെ സന്ദർശനത്തിനായി ന്യൂഡൽഹിയിലെത്തി. ഇന്ത്യ - ന്യൂസിലന്റ് സന്ദർശനം മെച്ചപ്പെടുത്തുന്നതിൽ അദ്ദേഹത്തിന്റെ സന്ദർശനം പ്രയോജനപ്പെടുമെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ്

രൺധീർ ജയ്സ് വാൾ പറഞ്ഞു. ഇരു രാജ്യങ്ങളും തമ്മിലുള്ള സൗഹൃദം ദൃഢമാക്കുന്നതിലും സന്ദർശനം ഉപകരിക്കും. വിദേശകാര്യമന്ത്രി എസ്.ജയ്ശങ്കർ, കേന്ദ്രമന്ത്രി ജെ പി നഡ്ഡ എന്നിവരുമായും ന്യൂസിലാന്റ് ഉപപ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും.

*****************************

## RBI-ECONOMY REPORT

ഈ സാമ്പത്തിക വർഷം ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥ എന്ന പദവി ഇന്ത്യ നിലനിർത്തുമെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. ഗാർഹിക ഉപഭോഗത്തിലെ വർദ്ധന, ശക്തമായ ബാങ്ക്, കോർപ്പറേറ്റ് ബാലൻസ് ഷീറ്റുകൾ, തുടർച്ചയായ പൊതു മൂലധന ചെലവ് എന്നിവയാണ് വളർച്ചയെ നയിക്കുന്നതെന്ന് ആർ ബി ഐയുടെ വാർഷിക റിപ്പോർട്ടിൽ പറയുന്നു. പണപ്പെരുപ്പം കുറയുമെന്നും ഉൽപ്പാദനത്തിലേയും നിർമ്മാണ മേഖലയിലേയും വർദ്ധന തൊഴിലവസരങ്ങൾ വർധിപ്പിക്കുമെന്നും റിപ്പോർട്ടിൽ പരാമർശമുണ്ട്.

*****************************

## PB SHABD

Prasar Bharati-Shared Audio-Visuals for Broadcast and Dissemination- പിബി ശബ്ദ് ലഭ്യമാക്കുന്ന സൗജന്യ സേവനങ്ങൾക്കായി രജിസ്റ്റർ ചെയ്യാൻ, യൂട്യൂബർമാരെയും പോഡ്കാസ്റ്റർമാരെയും വീഡിയോ എഡിറ്റർമാരെയും ക്ഷണിച്ചു. പകർപ്പവകാശ രഹിതവും ആധികാരികവും സുരക്ഷിതവുമായ ഉള്ളടക്കം പിബി ശബ്ദ് ലഭ്യമാക്കുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന 60 എഡിറ്റ് ഡെസ്കുകളുടെ പിന്തുണയോടെ, 1,500-ലധികം റിപ്പോർട്ടർമാർ, കറസ്പോണ്ടന്റുമാർ, സ്ട്രിംഗർമാർ എന്നിവരുടെ ശക്തമായ

ശൃംഖല SHABD നുണ്ട്. രാജ്യത്തുടനീളമുള്ള വാർത്താ പോർട്ടലുകൾക്ക് SHABD വഴി ദൂരദർശന്റെയും ഓൾ ഇന്ത്യ റേഡിയോയുടെയും ശേഖരം ലഭ്യമാകും.

****************************

## RAIN

കേരളത്തിൽ അതിതീവ്ര മഴ തുടരുമെന്ന് കാലാവസ്ഥവകുപ്പ്. നാളെ ഇടുക്കി,കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ചുവപ്പ് ജാഗ്രതയാണ്. നദീതീരത്തുള്ളവരും മലയോര മേഖലകളിലുള്ളവരും ജാഗ്രത പാലിക്കണം. കനത്ത മഴയെ തുടർന്ന് ഇടുക്കി ജില്ലയിലെ മലയോര മേഖലകളിലൂടെയുള്ള രാത്രി ഗതാഗതം പൂർണമായും നിരോധിച്ചു. കണ്ണൂർ, കാസർഗോഡ്, തൃശൂർ, എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിലും ആലപ്പുഴയിൽ കുട്ടനാട് താലൂക്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി പ്രഖ്യാപിച്ചു. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് തുടരും.

****************************

## TRAIN RESHEDULE

കനത്ത മഴയിൽ ട്രാക്കിൽ വെള്ളം കയറിയതിനെ തുടർന്നും മരം വീണും സംസ്ഥാനത്തെ ട്രെയിൻ ഗതാഗതം തടസ്സപ്പെട്ടു. തിരുവനന്തപുരം - ചെന്നൈ സൂപ്പർ ഫാസ്റ്റ് വർക്കലയിലും, ഇന്റർസിറ്റി മുരുക്കുമ്പുഴയിലും, കന്യാകുമാരി- പുനലൂർ പാസഞ്ചർ കഴക്കൂട്ടത്തും, വഞ്ചിനാട് കഴക്കൂട്ടം ഔട്ടറിലും, തിരുവനന്തപുരം - കൊല്ലം passenger കൊച്ചുവേളിയിലും ഒരു മണിക്കൂറിൽ ഏറെയായി പിടിച്ചിട്ടിരിക്കുകയാണ്.

*****************************

## CM PRESS MEET (INTRO)

പാരിസ്ഥിതിക ആഘാതം കണക്കിലെടുത്ത് കൊച്ചി തീരത്ത് MSC ELSA 3 കപ്പൽ മുങ്ങിയ സംഭവം സംസ്ഥാനം പ്രത്യേക ദുരന്തമായി പ്രഖ്യാപിച്ചു. കപ്പൽ മുങ്ങിയതിനെ തുടർന്ന് കടലിൽ വീണ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന ദുരന്തനിവാരണ അതോറിട്ടി വിശദമായ മാർഗ്ഗ നിർദേശം പുറപ്പെടുവിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ദുരിതത്തിലായ മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ പിന്തുണ നൽകാൻ തീരുമാനിച്ചതായും അദ്ദേഹം അറിയിച്ചു.

(ഹോൾഡ് വോയിസ്.... )

*****************************

## IPL

ഐ.പി.എൽ ക്രിക്കറ്റ് പ്ലേ ഓഫ് മത്സരങ്ങൾക്ക് ഇന്ന് തുടക്കം. ആദ്യ ക്വാളിഫയറിൽ ടോസ് നേടിയ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, പഞ്ചാബ് കിംഗ്സിനെ ബാറ്റിങ്ങിനയച്ചു. ന്യൂ ചണ്ഡിഗഢ് സ്റ്റേഡിയത്തിലാണ് മത്സരം. നാളെ നടക്കുന്ന മത്സരത്തിൽ മൂന്നാം സ്ഥാനത്തിനായി ഗുജറാത്ത് ടൈറ്റൻസ്, മുംബൈ ഇന്ത്യൻസിനെ നേരിടും.

*****************************

## SINGAPORE OPEN BADMINTON

സിംഗപ്പൂർ ഓപ്പൺ ബാഡ്മിന്റൺ പുരുഷ ഡബിൾസിൽ ഇന്ത്യൻ സഖ്യം ക്വാർട്ടർ ഫൈനലിൽ കടന്നു. സാത് വിക് സായ്രാജ് രങ്കിറെഡ്ഡി, ചിരാഗ് ഷെട്ടി സഖ്യമാണ് ഇന്തോനേഷ്യൻ സഖ്യത്ത പരാജയപ്പെടുത്തിയത്. സ്കോർ 19-21, 21-16, 21-19.

*****************************

## AYUSH MISSION

നാഷണൽ ആയുഷ് മിഷൻ, സ്റ്റേറ്റ് മിഷൻ, സംസ്ഥാന സർക്കാർ എന്നിവയുടെ നേതൃത്വത്തിൽ എൻ എ ബി എച്ച് അംഗീകാരം നേടിയ തിരുവനന്തപുരത്തെ തിരഞ്ഞെടുത്ത ആയുഷ് വെൽനെസ് ആരോഗ്യ കേന്ദ്രങ്ങളിൽ മാധ്യമ പ്രവർത്തകരും ആയുഷ് മിഷൻ ഉദ്യോഗസ്ഥരും സന്ദർശനം നടത്തി. നേമത്തെയും ആറ്റിപ്രയിലെയും സർക്കാർ ആയുർവേദ ഡിസ്പെൻസറി, വലിയവിള സർക്കാർ ഹോമിയോ ഡിസ്പെൻസറി എന്നിവിടങ്ങളിലാണ് സന്ദർശനം നടത്തിയത്. കേന്ദ്രങ്ങളിലെ സൗകര്യങ്ങളും വിവിധ സേവനങ്ങളും ഡോക്ടർമാർ വിശദീകരിച്ചു.

*****************************

## VIKSIT SANKALP

കാർഷിക മേഖലയിലെ വിദഗ്ദ്ധർ കർഷകരുമായി സംവദിക്കുന്ന വികസിത കൃഷി സങ്കല്പ് അഭിയാന് സംസ്ഥാനത്ത് തുടക്കമായി. പത്തനംതിട്ട , ഇടുക്കി, കോഴിക്കോട് ജില്ലാതല പരിപാടിയിൽ നിരവധി കർഷകർ പങ്കെടുത്തു. ജൂൺ 12 വരെയാണ് ക്യാമ്പയിൻ. കാർഷിക രംഗത്തെ വിദഗ്ധരും ഗവേഷകരും നൂതന സാങ്കേതിക വിദ്യകൾ കർഷകരുമായി പങ്കു വയ്ക്കുകയും സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്യും.

*****************************

## NILAMPUR BYELECTION

നിലമ്പൂർ ഉപതെരെഞ്ഞെടുപ്പ് പ്രചാരണ പരിപാടികൾ സജീവമാക്കാനൊരുങ്ങി രാഷ്ട്രീയ കക്ഷികൾ. യു.ഡി.എഫ് സ്ഥാനാർഥി ആര്യാടൻ ഷൗക്കത്തിനെതിരെ പി.വി.അൻവർ രംഗത്ത് വന്നെങ്കിലും വിട്ടു വീഴ്ച്ച വേണ്ടെന്നാണ് കോൺഗ്രസ്

തീരുമാനം. എൽ.ഡി.എഫ് നാളെ സ്ഥാനാർത്ഥിയെ പ്രഖ്യാപിക്കുമെന്നാണ് സൂചന. അതേസമയം എൻഡിഎയുടെ നിലമ്പൂർ സീറ്റ് ബി.ഡി. ജെ.എസിന് നൽകുമെന്നാണ് വിവരം. ബി.ഡി. ജെ എസ് സംസ്ഥാന കൗൺസിൽ യോഗത്തിന് ശേഷം നാളെ സ്ഥാനാർത്ഥിയെ പ്രഖ്യാപിക്കും.

*****************************

## AMARNATH YATRA-SECURITY

ജൂലൈ 3 ന് ആരംഭിക്കുന്ന അമർനാഥ് യാത്രയിൽ അർദ്ധസൈനിക വിഭാഗത്തെ വിന്യസിച്ച് സുരക്ഷ ഉറപ്പാക്കാൻ ഒരുങ്ങി കേന്ദ്രസർക്കാർ. സുഗമവും സുരക്ഷിതവുമായ യാത്ര ഉറപ്പാക്കാൻ ജമ്മു കശ്മീരിലുടനീളം 581 കമ്പനി സൈനികരെ വിന്യസിക്കും.

*

*******************

**************************************